## 391

1 ക്രിസ്തേശുവിന്റെ സേനയിൽ ഞാൻ ചേർന്നു നിൽക്കുന്നു
തൻരക്തമാം കൊടികരത്തിലേന്തിസ്സ ധൈര്യമായ്
ജഗത്തിൻ നായകാ! ദരിദ്രനായ ഞാൻ
ഇരിക്കും നാളെല്ലാം നിന്നുടെ കാരുണ്യം
പുകഴ്ത്തും സർവ്വവും നിനക്കായർപ്പിക്കും നമിക്കും തൃപ്പാദങ്ങളിൽ

2 ലോകത്തിനാശിസ്സേകിടും നിൻക്രൂശിൻ വചനം
ആവുന്നമട്ടിലോതുവൻ നിസ്തർക്കമായെങ്ങും
എനിക്കായ് പീഡകൾ സഹിച്ച നാഥനേ
സ്മരിക്കും നേരത്തിൻ ദുർഘടമേതിലും
ക്ഷീണിക്കുന്നില്ല ഞാൻ താണുപോകുന്നില്ല ഞാൻ
യേശുവിൻ കരബലത്താൽ

3 വിശ്വാസപ്പോരിൽ മുമ്പനായ് ഞാൻ നിൽക്കും, ദൈവത്തിൻ
നിശ്വസ്തവാക്കാം വാളിനാൽ ഹനിപ്പേൻ വൈരിയെ
ശക്തരാം വീരന്മാർ ജീവനെ ത്യജിച്ചും
സത്യത്തെക്കാത്തൊരിപ്പോർക്കള സ്ഥാനത്തിൽ
രക്തത്തിന്നന്ത്യമാം തുള്ളിയും ചിന്തി ഞാൻ ക്രിസ്തനെയനുകരിക്കും

4 കെട്ടീടുമേ അരയ്ക്കു സത്യമെന്നകച്ച ഞാൻ
ധരിക്കുമേ സുനീതിയാം കവചവും സദാ
തൻ സുവിശേഷത്തിൻ യത്നമെൻ ചെരിപ്പും
രക്ഷ എൻ ചാരുവാം തലക്കോരികയും
വിശ്വാസഖേടവും ധരിച്ചു പോരുവെൻ ഉഗ്രമാം ആത്മയുദ്ധത്തിൽ

5 ഒട്ടല്ല വന്നു തട്ടിടും വൻപട്ടിണിയിലും
വിട്ടോടുവാൻ തുനിഞ്ഞുകൂടാ കഷ്ടങ്ങളിലും
കഷ്ടമു  ാകിലും കർത്തനെ നോക്കി ഞാൻ
ശത്രുവിൻ കൂട്ടത്തെവെട്ടി മുന്നോട്ടു താൻ
തുഷ്ടി പൂ േ  റണം സൈന്യനാഥൻ തരും
ആജ്ഞകൾ കാത്തു ജീവിപ്പാൻ-

6 ഉള്ളിന്നു ദു;ഖമേറ്റൊലാ കുടുംബ ഭാരത്താൽ
കള്ളിന്നു ശത്രുവാകണം സുബോധം പാലിപ്പാൻ
ഭാരമല്ലാമെൻ രാജനെടുക്കുന്നു
ഞാനതു ചുമന്നാൽ ഭോഷത്തം ഭോഷത്തം
ജീവൻ വെടിഞ്ഞാലും ശത്രു എൻരാജ്യത്തു കാലൂന്നാനിടവരൊല്ലാ-

7 യുദ്ധങ്ങളൊഴിഞ്ഞെത്തുമെ ഞാൻ രാജധാനിയിൽ
എൻകർത്തനപ്പോളേകുമെൻ വിരുതു സർവ്വവും
തൽക്ഷണം തന്നുടെയോമന തൃക്കരം
മുത്തി ഞാൻ വാങ്ങുമേയെൻ വിരുതൊക്കെയും
നിത്യമായ് ശോഭിപ്പാൻ സത്യമായ് മോദിപ്പാൻ
സ്വർഗികൾ ചുറ്റി നിൽക്കവേ-

**K.V.S.**